ഇ.എം.(1) 82155/2018

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി, 17.11.2018

# സർക്കുലർ. 60/18

വിഷയം - ജില്ലാ സഹകരണ ബാങ്കുകളിലെ താഴ്ന്ന തസ്തികയിൽ നിന്നും ഉയർന്ന തസ്തികയിലേക്കും, ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും സംസ്ഥാന സഹകരണ ബാങ്കിലേക്കും പി.എസ്.സി. മുഖേന നിയമനം നേടിയവരുടെ ശമ്പള നിർണ്ണയം - സംബന്ധിച്ച്.

സൂചന - 4.10.2018 ലെ സഹ.ബി.2/124/2016/സഹ.നം. സർക്കാർ കത്ത്.

ജില്ലാ സഹകരണ ബാങ്കുകളിലെ താഴ്ന്ന തസ്തികയിൽ നിന്ന് സംസ്ഥാന സഹകരണ ബാങ്കിലെ ഉയർന്ന തസ്തികയിലേക്ക് പി.എസ്.സി മുഖേന നിയമിതരായവരും, ജില്ലാ സഹകരണ ബാങ്കുകളിലെ താഴ്ന്ന തസ്തികയിൽ നിന്ന് ജില്ലാ സഹകരണ ബാങ്കുകളിലെ തന്നെ ഉയർന്ന തസ്തികയിലേക്ക് പബ്ലിക്ക് സർവീസ് കമ്മീഷൻ മുഖേന നിയമിതരായവരുടെയും ശമ്പളം സംരക്ഷിച്ച് നൽകുന്നത് സംബന്ധിച്ചും ശമ്പള പുനർനിർണ്ണയം സംബന്ധിച്ചും സൂചന (1) സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

എല്ലാ ജില്ലാ സഹകരണ ബാങ്കുകളിലും, സമാന സ്വഭാവമുള്ള നിയമന ചട്ടങ്ങളും, ഏകീകൃത ശമ്പള സ്കെയിലുമാണ് നിലവിലുള്ളത്. ടി സാഹചര്യത്തിൽ, ജില്ലാ സഹകരണ ബാങ്കുകളിലെ താഴ്ന്ന തസ്തികയിൽ (ലോവർ സ്കെയിൽ ഓഫ് പേ) ജോലി ചെയ്തിരുന്നവർ പി.എസ്.സി. മുഖേന നേരിട്ടുള്ള നിയമനത്തിലൂടെ അതേ ജില്ലാ സഹകരണ ബാങ്കിലെ ഉയർന്ന തസ്തികയിലേക്കോ (ഹയർ സ്കെയിൽ ഓഫ് പേ) അല്ലെങ്കിൽ മറ്റേതെങ്കിലും ജില്ലാ സഹകരണ ബാങ്കിലെ ഉയർന്ന തസ്തികയിലേക്കോ നിയമനം നേടിയാൽ ടിയാളുകൾക്ക് കെ.എസ്.ആർ. പാർട്ട് 1 റൂൾ 28 (എ) പ്രകാരമുള്ള ശമ്പള നിർണ്ണയം അനുവദിക്കാവുന്നതാണ്.

പുതുതായി നിയമനം ലഭിച്ച തസ്തികയിലെ ശമ്പള സ്കെയിലിന്റെ പ്രാരംഭ തുക 1.7.2004 തീയതിയിൽ 20,700/- , 1.7.2009 ൽ 36,140/- , 1.7.2014 ൽ 68,700/- രൂപയിൽ

കൂടുതലായാൽ ടി ജീവനക്കാർക്ക് കെ.എസ്.ആർ. പാർട്ട് 1 റൂൾ 37 (എ) അടിസ്ഥാനമാക്കിയുള്ള ശമ്പള നിർണ്ണയത്തിന് മാത്രമാണ് അർഹതയുള്ളത്.

സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് എന്നിവിടങ്ങളിലെ നിയമനങ്ങൾ, വ്യത്യസ്തമായ നിയമന ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് നടത്തുന്നത്. ടി സ്ഥാപനങ്ങളിലെ ശമ്പള സ്കെയിലുകൾക്ക് ഏകീകൃത സ്വഭാവമില്ല. സംസ്ഥാന സഹകരണ ബാങ്കിലെ ശമ്പള ഘടന ജില്ലാ സഹകരണ ബാങ്കുകളേക്കാൾ ഉയർന്നതാണ്. ശമ്പള സ്കെയിലുകൾ നിശ്ചയിക്കുന്നതിന് അവലംബിക്കുന്ന മാനദണ്ഡങ്ങൾ സംസ്ഥാന സഹകരണ ബാങ്കിലും, ജില്ലാ സഹകരണ ബാങ്കുകളിലും തികച്ചും വ്യത്യസ്തവുമാണ്. ടി സാഹചര്യത്തിൽ, ജില്ലാ സഹകരണ ബാങ്കുകളിലെ താഴ്ന്ന തസ്തികയിൽ (ലോവർ സ്കെയിൽ ഓഫ് പേ) നിന്നും സംസ്ഥാന സഹകരണ ബാങ്കിലെ ഉയർന്ന തസ്തികയിലേക്ക് (ഹയർ സ്കെയിൽ ഓഫ് പേ) പി.എസ്.സി. മുഖേന നിയമനം ലഭിച്ചവർക്ക് കെ.എസ്.ആർ. പാർട്ട് 1 റൂൾ 30 പ്രകാരം ശമ്പള സംരക്ഷണം (പേ പ്രൊട്ടക്ഷൻ) അനുവദിക്കാവുന്നതാണ്. ഇപ്രകാരം ശമ്പള സംരക്ഷണം നൽകുമ്പോൾ നിലവിലുള്ള അടിസ്ഥാന ശമ്പളം പുതിയ ശമ്പള സ്കെയിലിൽ ഒരു സ്റ്റേജ് ആണെങ്കിൽ അതിലും അതല്ലെങ്കിൽ തൊട്ടടുത്ത സ്റ്റേജിലും നിർണ്ണയിച്ച് നൽകാവുന്നതാണ്.

(ഒപ്പ്)
എസ്. ഷാനവാസ്. ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:

1. ആഡിറ്റ് ഡയറക്ടർ
2. എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും
3. എല്ലാ സഹകരണ സംഘം ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും
4. എല്ലാ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
5. എല്ലാ സഹകരണ സംഘം അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും (ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)
6. എല്ലാ കൺകറന്റ് ആഡിറ്റർമാർക്കും (ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)
7. പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, എല്ലാ അപ്പക്സ് സഹകരണ സ്ഥാപനങ്ങളും
8. പ്രസിഡന്റ്/ജനറൽ മാനേജർ/കൺകറന്റ് ആഡിറ്റർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും

9. ഡെപ്യൂട്ടി രജിസ്ട്രാർ/പ്രിൻസിപ്പാൾ,
   എല്ലാ സഹകരണ ട്രെയിനിംഗ് സെന്ററുകൾക്കും
10. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ
11. എഡിറ്റർ, സഹകരണ വീഥി
12. എഡിറ്റർ, സഹകരണ ജേർണൽ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.എം)